അതേസമയം അംഗീകൃത കൺവെർഷൻ കിറ്റുകളും എൽ.പി.ജി. ടാങ്കും അംഗീകൃത ഏജൻസിയെക്കൊണ്ട് ഘടിപ്പിച്ച് ഇക്കാര്യം നിയമാനുസൃതമായി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളിൽ ചേർത്തു വാങ്ങിയശേഷം എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കാവുന്നതാണ്. പെട്രോൾ വാഹനങ്ങളിൽ പെട്രോളും ഡീസലും അടിക്കുന്നതുപോലെ എൽ.പി.ജി. സെന്ററുകളിൽനിന്നും ഗ്യാസ് നിറയ്ക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

(13) വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് എന്ന സ്ഥാപനം കഴിഞ്ഞ 21 മാസമായി പൂട്ടിയിട്ടിരിക്കുകയാണ്. 17-10-2003 മുതൽ 14-11-2003 വരെയുള്ള വിവിധ കാലയളവിൽ ഘട്ടംഘട്ടമായി ഓരോ സെക്ഷനും നിർത്തിനിർത്തിയാണ് ഈ സ്ഥാപനം പൂർണ്ണമായും അടയ്ക്കുന്ന അവസ്ഥ ഉണ്ടായിട്ടുള്ളത്. ഈ സ്ഥാപനം Industrial Dispute Act-ലെ Chapter 5(ബി) ബാധകമായിട്ടുള്ള സ്ഥാപനമാണ്. മുൻകൂട്ടി പെർമിഷൻ വാങ്ങിയിട്ട് മാത്രം അടയ്ക്കാൻ പറ്റുന്ന ആ സ്ഥാപനം ആ നിലയിലുള്ള യാതൊരു പെർമിഷനും ഇല്ലാതെയാണ് അടച്ചിട്ടത്. ഏതാണ്ട് 433 അംഗീകൃത തൊഴിലാളികളും 500-ലധികം അനുബന്ധ തൊഴിലാളികളും പണിയെടുത്തിരുന്ന ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ഒന്നര മാസമായി ശമ്പളംപോലും കൊടുക്കാതെയാണ് ഈ സ്ഥാപനം പൂട്ടിയിട്ടിരിക്കുന്നത്. അതിനുമുമ്പ് 2003 ഏപ്രിൽ മാസം മുതൽ തന്നെ അവിടുത്തെ ഏറ്റവും പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റായ വീവിംഗ് ഡിപ്പാർട്ടുമെന്റ് ലേ-ഓഫിൽ ആയിരുന്നു. നേരത്തെ ഏകപക്ഷീയമായി, വേതനക്കരാർ പ്രകാരം കിട്ടേണ്ട വേരിയബിൾ ഡി. എ. അവിടുത്തെ തൊഴിലാളികൾക്ക് പൂർണ്ണമായും നിഷേധിക്കുന്ന അവസ്ഥയായിരുന്നു. അതുപോലെ സേവന വ്യവസ്ഥകളിൽ യാതൊരു നിലയ്ക്കുള്ള ആലോചനയുമില്ലാതെ ഏകപക്ഷീയമായി വ്യത്യാസം വരുത്തുന്ന അവസ്ഥയാണ് അവിടെയുള്ളത്. അതുപോലെതന്നെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം നിർത്തിവച്ചിട്ടുള്ളത് യഥാർത്ഥത്തിൽ Industrial Dispute Act -ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ്. ലേ-ഓഫ് പ്രഖ്യാപിച്ചിട്ടുള്ളതും ഏതെങ്കിലും നിലയ്ക്കുള്ള അനുമതിയോടെ ആയിരുന്നില്ല. നിരവധി ചർച്ചകൾ ഈ സ്ഥാപനം തുറക്കുന്നതുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന ചർച്ച ഈ കഴിഞ്ഞ ഫെബ്രുവരി 28-ാം തീയതി മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്നതാണ്. ആ ചർച്ചയെ തുടർന്നും പ്രശ്നങ്ങളിൽ എന്തെങ്കിലും പരിഹാരം ഉണ്ടാക്കാൻ സാധിച്ചില്ല. സാധാരണ ഇതുപോലെ പൂട്ടിയിടപ്പെടുന്ന സ്ഥാപനങ്ങളിൽ ഉൽസവകാലത്ത് അവർക്ക് ആയിരം രൂപ കൊടുക്കാറുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തിൽ കഴിഞ്ഞ പ്രാവശ്യം അത് കൊടുത്തില്ല. പതിനൊന്ന് മാസമേ ആയിട്ടുള്ളു എന്നു പറഞ്ഞാണ് അത് കൊടുക്കാതിരുന്നത്. ഓണം വരാൻപോകുന്ന ഈ സമയത്ത് ഈ വർഷം അവർക്ക് നിർബന്ധമായും ഈ തുക കൊടുക്കുമെന്ന് ഉറപ്പുണ്ടാകണം. അതുപോലെതന്നെ ഈ സ്ഥാപനം പൂട്ടിയിടപ്പെടുന്ന സമയത്ത് ജോലിയുള്ള മുഴുവൻ ആളുകൾക്കും ഇത് കിട്ടുമെന്നുള്ള കാര്യത്തിൽ ഗ്യാരന്റി ഉണ്ടാകണം. മാനേജ്മെന്റിനെ നിർബന്ധിപ്പിച്ച് അടിയന്തിരമായും ഈ സ്ഥാപനം തുറപ്പിക്കാനുള്ള സത്വരനടപടികൾ തൊഴിൽ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മുൻകൈ എടുത്ത് ഉണ്ടാക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)* : ബഹുമാനപ്പെട്ട അംഗം ഇതിന്റെ എല്ലാ കാര്യങ്ങളെയുംകുറിച്ച് ഇവിടെ പറഞ്ഞു. ഇത് ആരെങ്കിലും അനുവാദം കൊടുത്ത് പൂട്ടിയിട്ട സ്ഥാപനമല്ല. പല ഘട്ടങ്ങളിലായി ഓരോ സെക്ഷനുകൾ നിർത്തിനിർത്തി ഇപ്പോൾ പൂർണ്ണമായി ഇതിന്റെ പ്രവർത്തനം നിലച്ചിരിക്കയാണ്. ടെക്സ്റ്റൈൽ മില്ലുകൾക്ക് പൊതുവിൽ ഈ പ്രശ്നം കേരളത്തിൽ വന്നിട്ടുണ്ട്. പഴയ മെഷീനറികളും പഴയ സംവിധാനവും ഉപയോഗിച്ച് ഇന്നിപ്പോൾ ടെക്സ്റ്റൈൽ വ്യവസായം നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. അതിന് റെനവേഷന്റെ പ്രശ്നമുണ്ട്. അവർ പറയുന്നത് ഇപ്പോൾ 432 തൊഴിലാളികൾ ഉള്ളതിൽ 60-70 ശതമാനം തൊഴിലാളികളെങ്കിലും വി.ആർ.എസ്.-ൽ പോകണമെന്നുള്ളതാണ്. വി.ആർ.എസ്.-ന് കൊടുക്കാൻതന്നെ മാനേജ്മെന്റിന്റെ കൈയിൽ പണമില്ല എന്നുള്ളതാണ് ചർച്ചയിൽ ഉന്നയിച്ചത്. രണ്ടു കോടി രൂപ വേണം വി.ആർ.എസ്.-ന്. അതിൽ 60 ലക്ഷം രൂപയിൽ കൂടുതൽ അവരുടെ കൈയിൽ എടുക്കാനില്ല. അന്തരിച്ച ടി. കെ. ബാലൻ മുൻകൈയെടുത്ത് കുറേ ചർച്ചകൾ നടത്തിയിരുന്നു. അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. സുധാകരൻ അടക്കം നിരവധി ശ്രമങ്ങൾ നടത്തി. അവസാനമായി പറഞ്ഞപോലെ മുഖ്യമന്ത്രി മുൻകൈയെടുത്ത് ചർച്ച നടന്നു. അതിലും മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് വേജ് ബിൽ കുറയ്ക്കണം, ഇത്രയും വേജ് ബിൽ വച്ച് ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ല. നഷ്ടത്തിൽനിന്ന് നഷ്ടത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്, ഇത് നടത്തിക്കൊണ്ടുപോകാൻ അവർക്ക് കഴിയില്ല എന്നുള്ള നിലപാടാണ് അവർ എടുത്തിട്ടുള്ളത്. ഇനിയും ഒരു ശ്രമംകൂടി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ വിവിധ ചർച്ചകൾ നടത്തി ഇത് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാത്തതുകൊണ്ട് Labour Commissioner failure report ഗവൺമെന്റിലേക്ക് തന്നിട്ടുണ്ട്. എങ്കിലും വീണ്ടും ഒരു ശ്രമം നടത്തുകയാണ്. 10-ാം തീയതി, ഇന്നുതന്നെ മുഖ്യമന്ത്രി ഒരു ചർച്ചയ്ക്ക്കൂടി വിളിച്ചിട്ടുണ്ട്. ഈ ചർച്ചയിലും ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കാനായി ശ്രമിക്കാം.